Kerala Gazette No. 49 dated 3rd December 1957.
PART II

1957-ലെ 40-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ എൽ. എ. 4-1520/57. 1957 നവംബർ 20.

അസംബ്ലിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെ പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി,
ലെജിസ്ലേറ്റീവ് അസംബ്ലി.

ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

1957-ലെ കേരള കർഷക ഋണാശ്വാസ ബിൽ.

കേരളസംസ്ഥാനത്തെ ഋണബാധിതരായ കർഷകർക്ക് ആശ്വാസം നൽകുവാനുള്ള ഒരു ബിൽ.

പീഠിക.—കേരളസംസ്ഥാനത്തെ ഋണബാധിതരായ കർഷകർക്ക് ആശ്വാസം നൽകുവാൻ വ്യവസ്ഥ ചെയ്യുന്നതാവശ്യമാണെന്നു കരുതുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു.

1. ചുരുക്കപ്പേരും, വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിനു 1957-ലെ കേരള കർഷകഋണാശ്വാസ ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിനു കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇതു് ഉടനെതന്നെ നടപ്പിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിനു മററുവിധത്തിൽ ആവശ്യമില്ലാത്ത പക്ഷം,—

(എ) "കർഷകൻ" എന്നതിനു കൃഷിയോ തോട്ടകൃഷിയോ ചെയ്യുന്ന ഏതെങ്കിലും ഭൂമിയിൽ ഒരു വെറുംപണയക്കാരനെന്ന നിലയിലുള്ള അവകാശബന്ധമല്ലാത്ത അവകാശബന്ധമുള്ള ആളെന്നർത്ഥമാകുന്നു, എന്നാൽ അതിൽ—

(i) 1950-51-നു ശേഷവും ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പും ഏതെങ്കിലും മൂന്നു വർഷങ്ങളിൽ, പ്രതിവർഷം നൂററമ്പതു രൂപയിൽ കവിഞ്ഞ് അടിസ്ഥാനനികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥനായ ഏതൊരാളും;

വിശദീകരണം.—ഈ ഉപഖണ്ഡത്തിന്റെ ആവശ്യത്തിന്നായി, 1955-ലെ ഭൂനികുതിആക്റ്റ് മേല്പറഞ്ഞ കാലത്തു കേരളസംസ്ഥാനമൊട്ടാകെ നടപ്പിലുണ്ടായിരുന്നുവെങ്കിൽ ഒരാൾ പ്രതിവർഷം നൂററമ്പതു രൂപയിൽ കവിഞ്ഞു അടിസ്ഥാനനികുതി കൊടുക്കേണ്ടിവരുമായിരുന്നുവെങ്കിൽ, അങ്ങനെയുള്ള അടിസ്ഥാനനികുതി കൊടുപ്പാൻ അയാൾ ബാദ്ധ്യസ്ഥനാണെന്നു കരുതേണ്ടതാകുന്നു.

(ii) 1950-51-നു ശേഷവും ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പും ഏതെങ്കിലും ആറു അർദ്ധവർഷങ്ങളിൽ തൊള്ളായിരം രൂപയിൽ കവിഞ്ഞുള്ള അർദ്ധവർഷാദായം സംബന്ധിച്ച് ഇന്ത്യയിലെ മുൻസിപ്പൽസ്ഥാപനങ്ങളെയോ, തദ്ദേശസ്ഥാപനങ്ങളെയോ നിയന്ത്രിക്കുന്ന ഏതെങ്കിലും നിയമപ്രകാരം, കൃഷിയല്ലാതെയുള്ള ഒരു തൊഴിലിൽ നിന്നു കിട്ടുന്ന ആദായത്തിന്മേൽ തൊഴിൽ നികുതി ചുമത്തപ്പെട്ടിട്ടുള്ള ഏതൊരാളും;

(iii) (താൻ താമസിക്കുന്ന കെട്ടിടം അല്ലാതെയുള്ള) കെട്ടിടങ്ങളെയോ, കൃഷിഭൂമികളല്ലാത്ത ഭൂമികളെയോ സംബന്ധിച്ചിടത്തോളം അറുനൂറു രൂപയിൽ കുറയാതെയുള്ള വാർഷികപാട്ടവിലയിന്മേൽ, ഇന്ത്യയിലെ മുനിസിപ്പൽ സ്ഥാപനങ്ങളെയോ, തദ്ദേശസ്ഥാപനങ്ങളെയോ നിയന്ത്രിക്കുന്ന ഏതെങ്കിലും നിയമപ്രകാരം, 1950-51-നു ശേഷവും, ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പും ഏതെങ്കിലും ആറു അർദ്ധവർഷങ്ങളിൽ വസ്തുനികുതിയോ ഭവനനികുതിയോ ചുമത്തപ്പെട്ടിട്ടുള്ള ഏതൊരാളും;

(iv) 1939-ലെ മദിരാശി സാമാന്യവില്പന നികുതി ആക്റ്റോ, 1125-ലെ സാമാന്യവില്പന നികുതി ആക്റ്റോ, 1956-ലെ കേന്ദ്രവില്പന നികുതി ആക്റ്റോ പ്രകാരമോ അല്ലെങ്കിൽ വില്പനനികുതി സംബന്ധിച്ച് മററു വല്ല നിയമപ്രകാരമോ, മററു വല്ല സംസ്ഥാനത്തുമുള്ള നിയമപ്രകാരമോ, 1950-51-നു ശേഷവും, ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പും ഏതെങ്കിലും മൂന്നു വർഷങ്ങളിൽ ആകെ ഇരുപത്തയ്യായിരം രൂപയിൽ കുറയാത്ത മൊത്ത വില്പനസംഖ്യയിന്മേൽ വില്പനനികുതി ചുമത്തപ്പെട്ടിട്ടുള്ള ഏതൊരാളും;

(v) 1950-51-നു ശേഷവും ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പും ഏതെങ്കിലും മൂന്നു വർഷങ്ങളിൽ 1922-ലെ ഇന്ത്യൻ ആദായനികുതി ആക്റ്റു പ്രകാരം ആദായനികുതി ചുമത്തപ്പെട്ടിട്ടുള്ള ഏതൊരാളും;

(vi) 1950-ലെ കാർഷികാദായനികുതി ആക്റ്റ് പ്രകാരമോ, കാർഷികാദായ നികുതി സംബന്ധിച്ച മറ്റേതെങ്കിലും നിയമപ്രകാരമോ, 1950-51-നു ശേഷവും, ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പും ഏതെങ്കിലും 3 വർഷങ്ങളിൽ കാർഷികാദായ നികുതി ചുമത്തപ്പെട്ടിട്ടുള്ള ഏതൊരാളും;

(vii) 1932-ലെ ഇന്ത്യൻ കൂട്ടുകച്ചവട ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കച്ചവടസംഘമോ 1956-ലെ കമ്പനി ആക്റ്റിൽ നിർവ്വചിക്കപ്പെട്ടപ്രകാരമുള്ള ഒരു കമ്പനിയോ, ഏതെങ്കിലും സ്റ്റേറ്റ് വക പാർലമെൻറ് ആക്റ്റ് അനുസരിച്ചോ ഏതെങ്കിലും പ്രത്യേക ഇന്ത്യൻ നിയമമനുസരിച്ചോ രൂപവൽകൃതമായ കോർപ്പറേഷനോ അല്ലും; ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

<u>വിശദീകരണം.</u>—ഒരു ഹിന്ദുകൂട്ടുകുടുംബമോ, തറവാടോ, താവഴിയോ, കുടുംബമോ, കവരുമോ; ഇല്ലമോ കാർഷികവൃത്തിയിൽ ഏർപ്പെട്ടതാണെങ്കിൽ അതു സംഗതിപോലെ ആ തറവാട്ടിലെയോ, താവഴിയിലെയോ, കുടുംബത്തിലെയോ, കവരുവിലെയോ, ഇല്ലത്തിലെയോ, ഓരോ ഉരുപ്പടിക്കാരിയെയോ അംഗത്തെയോ ഒരു കർഷകനായി കരുതേണ്ടതാകുന്നു. എന്നാൽ (i) മുതൽ (vi) വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന യാതൊരു തരത്തിലും അയാൾ പെട്ടിരിക്കുവാൻ പാടില്ലാത്തതാകുന്നു.

(ബി) "കോടതി" എന്നതിനു ഏതെങ്കിലും സിവിൽ കോടതിയോ, റവന്യൂ കോടതിയോ എന്നർത്ഥമാകുന്നതും, ഈ ആക്റ്റു പ്രകാരം ഒരു കോടതിയുടെ പ്രവൃത്തികൾ നടത്തുവാൻ നിയമിക്കപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥനോ അതിൽ ഉൾപ്പെടുന്നതുമാകുന്നു.

(സി) "ഋണം" (കടം) എന്നതിനു 1957 ജൂലൈ 1-ാം തീയതിക്കു ഒരു കർഷകനിൽനിന്നു പണമായോ സാധനമായോ ഈടാകാനുള്ളതും, ഒരു കരാർ പ്രകാരമോ, ഏതെങ്കിലും കോടതിയുടെ ഒരു വിധിയോ കല്പനയോ പ്രകാരമോ, മററു വിധത്തിലോ അടയ്ക്കേണ്ടതും, ഉറപ്പു നൽകപ്പെട്ടതോ ഉറപ്പു നൽകപ്പെടാത്തതോ ആയതുമായ ഏതെങ്കിലും ബാദ്ധ്യത എന്നർത്ഥമാകുന്നതും, 1955-ലെ മദിരാശി ഋണബാധിത കർഷക (കടം തിരിച്ചടയ്ക്കൽ) ആക്റ്റോ, 1956-ലെ തിരുവിതാംകൂർ-കൊച്ചി കർഷക ഋണാശ്വാസ ആക്റ്റോ പ്രകാരം, ഈ ആക്റ്റ് നടപ്പിൽവരുന്ന സമയത്തു കൊടുക്കേണ്ടതായ ഏതെങ്കിലും കടമോ കടത്തിൻെറ ബാക്കിയോ ഉൾപ്പെടുന്നതുമാകുന്നു. എന്നാൽ അതിൽ—

(i) സംസ്ഥാനഗവണ്മെൻറിന്നോ, കേന്ദ്രഗവണ്മെൻറിന്നോ, ഏതെങ്കിലും തദ്ദേശാധികാര സ്ഥാപനത്തിന്നോ കൊടുക്കേണ്ടതായ യാതൊരു സംഖ്യയും;

(ii) 1951-ലെ തിരുവിതാംകൂർ-കൊച്ചി പരസ്പരസഹായസംഘ ആക്റ്റോ, 1932-ലെ മദിരാശി പരസ്പരസഹായസംഘ ആക്റ്റോ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഭൂപണയബാങ്ക് ഉൾപ്പെടെയുള്ള ഏതെങ്കിലും പരസ്പരസഹായസംഘത്തിനു കൊടുക്കേണ്ടതായ യാതൊരു സംഖ്യയും; എന്നാൽ ആ സംഘത്തിനു ആ സംഖ്യ വസൂലാക്കുവാനുള്ള അവകാശം 1957 ജൂലൈ 1-ാം തീയതിക്കു ശേഷം കൊടുത്ത ഒരു തീറിൽനിന്നു ഉത്ഭവിച്ചതല്ലാതിരിക്കേണ്ടതാണ്.

(iii) വിശ്വാസവഞ്ചനമൂലം ഉണ്ടാകുന്ന യാതൊരു ബാദ്ധ്യതയും;

(iv) സംരക്ഷണം സംബന്ധിച്ച യാതൊരു ബാദ്ധ്യതയും;

(v) സേവനങ്ങൾ അനുഷ്ഠിച്ചതിനു ശമ്പളമെന്ന നിലയിലോ മററു വിധത്തിലോ കൊടുക്കാനുള്ള വേതനമോ, പ്രതിഫലമോ സംബന്ധിച്ച യാതൊരു ബാദ്ധ്യതയും;

(vi) 1120-ലെ തിരുവിതാംകൂർ ചിട്ടി ആക്റ്റ് പ്രകാരമോ 1107-ലെ കൊച്ചി കുറി ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ ഏതെങ്കിലും ചിട്ടിഫണ്ട് പദ്ധതി പ്രകാരമോ രജിസ്റ്റർ ചെയ്യപ്പെട്ടതോ, ലൈസൻസ് ലഭിക്കപ്പെട്ടതോ ആയ ഏതെങ്കിലും ചിട്ടിയോ കുറിയോ മൂലം നേരിട്ടതോ, ഉത്ഭവിക്കുന്നതോ ആയ യാതൊരു ബാദ്ധ്യതയും; അഥവാ

(vii) കച്ചവടാവശ്യത്തിന്നായി വാങ്ങിയ ചരക്കുകളുടെ വില കാണിക്കുന്ന യാതൊരു കടവും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

<u>വിശദീകരണം 1.</u>—കർഷകനായ ഒരു മരുമക്കത്തായ ബാദ്ധ്യത, പ്രധാന അധമർണ്ണൻ ഒരു കർഷകനല്ലെങ്കിലും ഈ ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു കടമായി കരുതേണ്ടതാകുന്നു.

<u>വിശദീകരണം 2.</u>—ഒരു അധമർണ്ണന്റെയോ ഉത്തമർണ്ണന്റെയോ അവകാശികൾക്കായോ, നിയമാനുസൃത പ്രതിനിധികൾക്കായോ, തിറകാർക്കായോ, അല്ലെങ്കിൽ ഭാഗം വെയ്പ് മൂലമോ, ഒരു കടം വിഘടിപ്പിച്ചിരിക്കുകയും, ആ കടത്തിന്റെ വിവിധ ഭാഗങ്ങൾ സംബന്ധിച്ച് പുതിയ ആധാരങ്ങൾ എഴുതിക്കൊടുക്കുകയും ചെയ്തിട്ടുള്ളപക്ഷം, ആ ഓരോ പ്രത്യേക വിഭാഗവും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു കടമായിരിക്കുന്നതാണ്.

(ഡി) "മലബാർ" എന്നതിനു 1956-ലെ സംസ്ഥാന പുനസ്സംഘടനാ ആക്റ്റ് 5-ാംവകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ല ഉൾപ്പെടുന്ന പ്രദേശം എന്നർത്ഥമാകുന്നു.

(ഇ) വ്യാകരണസംബന്ധമായ രൂപഭേദങ്ങളോടുകൂടി "കൊടുക്കുക" എന്നതിൽ "ഏല്പിച്ചുകൊടുക്കുക" ഉൾപ്പെടുന്നതാകുന്നു.

3. <u>വ്യവഹാരങ്ങൾക്കും അപേക്ഷകൾക്കുമുള്ള തടസ്സം.</u>—(1) 1958 മാർച്ച് 31-ാംതീയതിക്കുമുമ്പ് ഏതെങ്കിലും കർഷകന്നെതിരായി ഏതെങ്കിലും കോടതിയിൽ ഒരു കടം വസൂലാക്കുന്നതിന് യാതൊരു വ്യവഹാരവും ബോധിപ്പിക്കുകയോ, ഒരു കടം സംബന്ധിച്ച് വിധിനടത്തുന്നതിന്നു യാതൊരു അപേക്ഷയും കൊടുക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

<u>വിശദീകരണം 1.</u>—ഒരു കടം കർഷകൻ കർഷകേതരനുമായി കൂട്ടായോ അല്ലെങ്കിൽ കൂട്ടായും പ്രത്യേകം പ്രത്യേകമായുമോ കൊടുത്തുതീർക്കേണ്ടതായിരിക്കുമ്പോൾ, ഈ ഉപവകുപ്പിൽ പറഞ്ഞ കാലം കഴിയുന്നതിനു മുമ്പായി, ഈ ഉപവകുപ്പിൽ സൂചിതമായ രീതിയിലുള്ള യാതൊരു വ്യവഹാരമോ, അപേക്ഷയോ, കർഷകേതരന്നോ കർഷകന്നോ എതിരായി ബോധിപ്പിക്കുകയോ കൊടുക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

<u>വിശദീകരണം 2.</u>—ഒരു കടം സംബന്ധിച്ച് വിധിക്കപേക്ഷിക്കുന്ന ഏതൊരു വ്യവഹാരവും, ആ വ്യവഹാരത്തിൽ മററു നിവൃത്തികൾക്കുകൂടി അപേക്ഷിച്ചിട്ടുണ്ടെങ്കിലും, കടം വസൂലാക്കുന്നതിനുള്ള വ്യവഹാരമായി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി കണക്കാക്കേണ്ടതും, ഒരു വിധിയിൽ മററു നിവൃത്തികൾകൂടി അനുവദിച്ചിട്ടുണ്ടായിരുന്നാലും, ആ വിധി ഒരു കടം സംബന്ധിച്ച വിധിയായി കരുതപ്പെടേണ്ടതുമാകുന്നു:

എന്നാൽ ഭൂമിയുടെ കൈവശാവകാശത്തിനുവേണ്ടിയുള്ള ഒരു വ്യവഹാരം ആ വ്യവഹാരത്തിൽ മേലാദായത്തിനുകൂടി അപേക്ഷിച്ചിട്ടുണ്ടെന്ന കാരണത്താൽ മാത്രം, കടം വസൂലാക്കുന്നതിനുവേണ്ടിയുള്ള ഒരു വ്യവഹാരമായി കണക്കാക്കുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കാലത്തും അല്ലെങ്കിൽ 4-ാം വകുപ്പിലോ, 5-ാംവകുപ്പിലോ പറഞ്ഞിട്ടുള്ള സംഖ്യകളും ഗഡുക്കളും കർഷകൻ കോടതിയിൽ അടയ്ക്കുകയോ നിക്ഷേപിക്കുകയോ ചെയ്തതിനുശേഷവും, അപ്രകാരം അടയ്ക്കുന്നതിനു അയാൾക്കവകാശമുള്ള കാലത്തും കടംവസൂലാക്കുന്നതിന്നുവേണ്ടി ഉത്തമർണ്ണൻ വ്യവഹാരം ബോധിപ്പിക്കുന്നപക്ഷം, (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കോടതി വ്യവഹാരത്തിന്മേൽ വിധി കല്പിക്കുമ്പോൾ, അന്യായക്കാരനോട് അയാളുടെ സ്വന്തം ചെലവുകൾ വഹിപ്പാനും, കർഷകനായ പ്രതിയുടെ ചെലവുകൾ കൊടുക്കുവാനും നിർദ്ദേശിക്കേണ്ടതാകുന്നു;

എന്നാൽ ഈ ഉപവകുപ്പിലടങ്ങിയ യാതൊന്നും, ന്യായകാരണം, കർഷകരല്ലാത്ത മററ പ്രതികളും തമ്മിലുള്ള ചെലവുകളെ സംബന്ധിച്ച് ഏതെങ്കിലും കല്പന പാസ്സാക്കുന്നതിനു കോടതിക്കു പ്രതിബന്ധമായിരിക്കുന്നതല്ല.

4. കടം ഗഡുവുകളായി വീട്ടൽ—(1) ഏതെങ്കിലും നിയമത്തിലോ കരാറിലോ കോടതിയുടെ ഏതെങ്കിലും വിധിയിലോ കല്പനയിലോ വിരുദ്ധമായി എന്തെങ്കിലും ഉണ്ടായിരുന്നാൽക്കൂടി, ഏതൊരു കടവും (2)-ാം ഉപവകുപ്പിൽ പറഞ്ഞ വിധത്തിൽ വീട്ടാവുന്നതാണ്.

(2) ഓരോ ഗഡുവും കൊടുക്കുന്ന തീയതിവരെ ബാക്കിനില്ക്കുന്ന അസ്സൽ കടത്തിന്മേൽ പ്രതിവർഷം 5 ശതമാനമെന്ന നിരക്കോ അല്ലെങ്കിൽ കരാർ നിരക്കോ ഇതിൽ ഏതു കുറവായിരിക്കുന്നുവോ ആ നിരക്കിൽ കൊടുക്കേണ്ടതായ പലിശസഹിതം ഏതെങ്കിലും കടം പത്തു തുല്യ അർദ്ധവർഷ ഗഡുവുകളായി ഓരോ വർഷവും യഥാക്രമം മാർച്ച് 31-ാം തീയതിക്കും സെപ്റ്റംബർ 30-ാം തീയതിക്കും അല്ലെങ്കിൽ ആ തീയതികൾക്കുമുമ്പും (ആദ്യത്തെ ഗഡു 1958 മാർച്ച് 31-ാം തീയതിക്കോ അതിനുമുമ്പോ കൊടുക്കേണ്ടതാണ്) തിരിച്ചു കൊടുത്താൽ, കടം മുഴുവൻ വീട്ടിയതായി കരുതേണ്ടതാകുന്നു.

5. 1940 ജനവരി 1-ാം തീയതിക്കുമുമ്പ് നേരിട്ട കടങ്ങൾ വെട്ടിച്ചുരുക്കൽ—(1) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായും 4-ാം വകുപ്പിലോ, ഏതെങ്കിലും നിയമത്തിലോ കരാറിലോ കോടതിയുടെ ഏതെങ്കിലും വിധിയിലോ കല്പനയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1940 ജനവരി 1-ാം തീയതിക്കുമുമ്പ നേരിട്ട ഏതൊരു കടവും, (2)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ നിർണ്ണയിക്കപ്പെട്ട വിധത്തിലും, നിർണ്ണയിക്കപ്പെട്ടേടത്തോളവും തിരിച്ചുകൊടുത്തു വീട്ടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞ ഏതെങ്കിലും കടത്തിന്റെ അസ്സൽ തുകയുടെ 70 ശതമാനം, പ്രതിവർഷം അഞ്ചു ശതമാനം എന്ന നിരക്കോ, കരാർനിരക്കോ, ഇതിൽ ഏതു കുറവായിരിക്കുന്നുവോ ആ നിരക്കിൽ കണക്കാക്കിയതും, ഈ ആക്റ്റ് നടപ്പിൽ വരുന്നതുവരെ കൊടുക്കേണ്ടതുമായ പലിശയുടെ 70 ശതമാനത്തോടുകൂടി 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ നിർണ്ണയിക്കപ്പെട്ട വിധത്തിൽ തിരിച്ചു അടയ്ക്കുന്നതായാൽ, അങ്ങനെയുള്ള കടം മുഴുവനും വീട്ടിയതായി കരുതേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും കടത്തിന്റെ അസ്സൽ തുകയുടെ 66 2/3 ശതമാനം ഈ ആക്റ്റ് നടപ്പിൽ വരുന്നതുവരെ (1)-ാം ഉപവകുപ്പിൽ നിർണ്ണയിക്കപ്പെട്ട നിരക്കിൽ കണക്കാക്കിയ പലിശയുടെ 66 2/3 ശതമാനവും, അടയ്ക്കുന്ന തീയതിവരെ ഈ ആക്റ്റ് നടപ്പിൽ വരുന്നതുമുതലും കൊടുക്കേണ്ടതായ എല്ലാ പലിശ ബാക്കികളും സഹിതം ഈ ആക്റ്റ് നടപ്പിൽവരുന്ന തീയതി മുതൽക്ക് രണ്ടു കൊല്ല കാലത്തിനുള്ളിൽ തിരിച്ചു അടയ്ക്കുന്നതായാൽ, അങ്ങനെയുള്ള കടം മുഴുവനും വീട്ടിയതായി കരുതേണ്ടതാകുന്നു.

ഈ ഉപവകുപ്പു പ്രകാരം കൊടുക്കേണ്ടതായ സംഖ്യ കണക്കാക്കുമ്പോൾ (2)-ാം ഉപവകുപ്പു പ്രകാരം വല്ല ഗഡുവുകളും മുമ്പ കൊടുത്തിട്ടുണ്ടെങ്കിൽ അവ കണക്കാക്കേണ്ടതാകുന്നു.

(4) (1)മുതൽ(3)വരെയുള്ള ഉപവകുപ്പുകളിൽ അടങ്ങിയ യാതൊന്നും, 1949-ലെ ബാങ്കിംഗ് കമ്പനി ആക്റ്റിൽ (1949-ലെ 10-ാം സെൻട്രൽ ആക്റ്റ്) നിർവ്വചിക്കപ്പെട്ടപ്രകാരമുള്ള ഏതെങ്കിലും ബാങ്കിംഗ് കമ്പനിക്ക് കിട്ടേണ്ടതായ യാതൊരു കടത്തിനും സംബന്ധിക്കുന്നതല്ല.

6. (4)-ാം വകുപ്പോ, 5-ാം വകുപ്പോ പ്രകാരമുള്ള കടം വകയിലേയ്ക്കു കൊടുക്കുന്ന സംഖ്യ ഉപയോഗപ്പെടുത്തലും വിധിനടത്തുന്നതിനുള്ള കാലഹരണവും—(1) 4-ാം വകുപ്പിലോ, 5-ാം വകുപ്പിലോ പരാമർശിക്കപ്പെട്ട ഏതെങ്കിലും കടം വകയിലേയ്ക്കു വല്ല സംഖ്യയും കൊടുക്കുകയോ വസൂലാക്കുകയോ ചെയ്തിട്ടുള്ളപ്പോൾ കോടതി (കടം ഒരു വിധിയായിത്തീർന്നിട്ടുള്ള പക്ഷം) വിധിപ്രകാരം കൊടുക്കേണ്ടതായ ചെലവ്, പിന്നെ 4-ാം വകുപ്പോ, 5-ാം വകുപ്പോ പ്രകാരം വീണ്ടും കണക്കാക്കിയപ്രകാരമുള്ള പലിശ, പിന്നീടു മുതൽ എന്നിവയിലേയ്ക്ക് അതു ക്രമത്തിൽ ഉപയോഗപ്പെടുത്തേണ്ടതാകുന്നു.

(2) 4-ഉം 5-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ, വിധി നടത്തുന്ന ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽനടപടിനിയമം 48-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ബി) എന്ന ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ കോടതിയുടെ പിന്നീടുള്ള ഒരു കല്പനയായി കരുതപ്പെടേണ്ടതാകുന്നു.

7. ചില വിധികളുടെ ഭേദഗതി.—(1) ഈ ആക്റ്റ് നടപ്പിൽവരുന്നതിനു മുമ്പ്, ഒരു കോടതി ഒരു കടം തിരിച്ചടയ്ക്കുന്നതിനായി ഒരു വിധി പാസ്സാക്കിയിട്ടുള്ളപക്ഷം, ഒരു കർഷകനായ ഏതെങ്കിലും വിധികടക്കാരന്റെ അപേക്ഷയിന്മേലോ, വിധിഉടമയുടെ അപേക്ഷയിന്മേലോ, ആ കോടതി ഈ ആക്റ്റിലെ വ്യവസ്ഥകൾ അങ്ങനെയുള്ള വിധിക്കു സംബന്ധിപ്പിക്കേണ്ടതും, 1908-ലെ സിവിൽനടപടിനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതിപോലെ വിധി തദനുസരണം ഭേദഗതി ചെയ്കയോ, കടം തീർന്നതായി രേഖപ്പെടുത്തുകയോ ചെയ്യേണ്ടതുമാകുന്നു.

(2) ഏതെങ്കിലും കടം വീട്ടുന്നതിനുവേണ്ടി ഈ ആക്റ്റ് നടപ്പിൽ വന്നതിനു ശേഷം ഒരു കോടതി ഒരു വിധി പാസ്സാക്കിയിട്ടുള്ള സംഗതികൾക്കും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതാണ്.

8. 4-ഉം, 5-ഉം വകുപ്പുകൾ പ്രകാരം കൊടുക്കേണ്ട സംഖ്യയെ സംബന്ധിച്ച സംശയങ്ങളും തർക്കങ്ങളും തീർമാനിക്കുവാൻ കോടതിക്കുള്ള അധികാരം.—(1) 4-ാം വകുപ്പോ, 5-ാം വകുപ്പോ പ്രകാരം കൊടുക്കേണ്ട സംഖ്യ നിശ്ചയിച്ചുകൊണ്ടുള്ള കല്പനയ്ക്കുവേണ്ടി ഏതെങ്കിലും അധമർണ്ണനോ ഉത്തമർണ്ണനോ കോടതിയിൽ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(2) (എ) കടത്തെ സംബന്ധിച്ച് ഒരു വിധിയുണ്ടെങ്കിൽ, ആ വിധി പാസ്സാക്കിയ കോടതിയിൽ അപേക്ഷ ബോധിപ്പിക്കേണ്ടതാണ്

(ബി) കടത്തെ സംബന്ധിച്ച് ഒരു വിധി ഇല്ലെങ്കിൽ, കടം വസൂലാക്കുന്നതിന് ഒരു വിധി പാസ്സാക്കാൻതക്ക അധികാരമുള്ള കോടതിയിലോ അല്ലെങ്കിൽ (2) (ബി) എന്ന വകുപ്പുപ്രകാരം ഒരു ഉദ്യോഗസ്ഥനെയോ, അധികാരസ്ഥനെയോ നിയമിച്ചിട്ടുള്ളപക്ഷം, ആ ഉദ്യോഗസ്ഥന്റെയോ, അധികാരസ്ഥന്റെയോ അടുക്കലോ അപേക്ഷ ബോധിപ്പിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ, ഏതു കോടതിയുടെ മുമ്പാകെ അങ്ങനെയുള്ള അപേക്ഷ തീർപ്പാകാതെ നിലവിലിരിക്കുന്നുവോ, ആ കോടതിയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം താൻ കൊടുക്കാനുള്ളതായി താൻ സമ്മതിച്ചിട്ടുള്ള ഏതെങ്കിലും ഗഡുവുസംഖ്യ ഡിപ്പാസിറ്റ ചെയ്യാൻ അധമർണ്ണൻ വീഴ്ചചെയ്യുന്നതായാൽ, തള്ളിക്കളയേണ്ടതും അതേ ആവശ്യത്തിനായി രണ്ടാമതു യാതൊരു അപേക്ഷയും സ്വീകരിക്കുവാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ കോടതിക്കു ഡിപ്പാസിറ്റ ചെയ്യുന്നതിനോ, അപേക്ഷ ബോധിപ്പിക്കുന്നതിനോ ഉള്ള സമയം ന്യായമായതും മതിയായതുമായ ഏതെങ്കിലും കാരണത്താൽ നീട്ടിക്കൊടുക്കാവുന്നതാണ്.

(4) ഈ വകുപ്പുപ്രകാരമുള്ള ഒരു നടപടി, അന്വേഷണം നടത്തുകയും, തീർപ്പാക്കുകയും ചെയ്യുന്നതിന്റെ ആവശ്യങ്ങൾക്കായി 1908-ലെ സിവിൽനടപടിനിയമം 141-ാം വകുപ്പ് സംബന്ധിക്കുന്ന ഒരു നടപടിയായി കരുതപ്പെടേണ്ടതാണ്.

(5) 4-ാം വകുപ്പിലെയോ, 5-ാം വകുപ്പിലെയോ വ്യവസ്ഥകൾപ്രകാരം അപേക്ഷകൻ കൊടുക്കാവുന്ന സംഖ്യയും, അങ്ങനെയുള്ള സംഖ്യ ഏതുകാലത്തിനുള്ളിൽ കൊടുക്കേണമോ, ആ കാലവും കോടതി അതിന്റെ കല്പനമൂലം നിർണ്ണയിക്കേണ്ടതും, അങ്ങനെയുള്ള കല്പനയനുസരിച്ച്, കൊടുത്ത ഏതു സംഖ്യയും അതതു സംഗതിപോലെ, 4-ാം വകുപ്പിന്റെയോ, 5-ാം വകുപ്പിന്റെയോ ആവശ്യത്തിനായി, സാധുവാംവണ്ണം കൊടുത്തിട്ടുള്ള പണമായി കരുതേണ്ടതുമാണ്.

(6) (1)-ാം ഉപവകുപ്പുപ്രകാരം ഒരു കോടതി പാസ്സാക്കുന്ന ഏതെങ്കിലും കല്പനയ്ക്കെതിരായി ഒരു അപ്പീൽ, കടം വസൂലാക്കുന്നതിനുള്ള ഒരു വ്യവഹാരത്തിൽ അങ്ങനെയുള്ള കോടതിയുടെ തീരുമാനത്തിന്മേൽ അപ്പീലുകൾ സാധാരണയായി ബോധിപ്പിക്കുന്ന കോടതിയിൽ ബോധിപ്പിക്കേണ്ടതും 2 (ബി) എന്ന വകുപ്പുപ്രകാരം ഒരു കോടതിയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുവേണ്ടി

നിയമിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥനോ ആണ് കല്പന പാസ്സാക്കിയതെങ്കിൽ, ആ അപ്പീൽ ആ ആവശ്യാർത്ഥം ഗവണ്മെൻറ് പരസ്യപ്പെടുത്തിയിട്ടുള്ള, അങ്ങനെയുള്ള മററ് അധികാരസ്ഥൻെറ അടുക്കൽ ബോധിപ്പിക്കേണ്ടതും ആ അപ്പീലിൽ പാസ്സാക്കുന്ന കല്പന ഒടുവിലത്തേതായിരിക്കേണ്ടതുമാണ്.

9. ഇടപാടുകളുടെ സ്വഭാവം തെളിയിക്കാനുള്ള അവകാശം.— (1) 1872-ലെ ഇൻഡ്യൻ തെളിവുശാസ്ത്ര ആക്ററിലോ, (1872-ലെ 1-ാം സെൻട്രൽ ആക്ററ്) തൽക്കാലം നടപ്പിലിരിക്കുന്ന മററ് ഏതെങ്കിലും നിയമത്തിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരു കർഷകനും, രേഖപ്പെടുത്തിയതോ, അല്ലാത്തതോ ആയ ഏതെങ്കിലും ഇടപാട്, അതു വാസ്തവത്തിൽ കടം സംബന്ധിച്ച ഒരു ഇടപാട് ആണെന്നോ, അല്ലെങ്കിൽ ഇടപാടിൽ പറഞ്ഞിട്ടുള്ള സംഖ്യ യഥാർത്ഥമായ സംഖ്യ അല്ലെന്നോ ഉള്ള കാരണത്തിന്മേൽ, പുനരാലോചിക്കുന്നതിനുവേണ്ടി കോടതിയിൽ അപേക്ഷിക്കാവുന്നതും, വാദിച്ചു തെളിവു ഹാജരാക്കുകയും, അങ്ങനെയുള്ള കാരണങ്ങൾ തെളിയിക്കുകയും ചെയ്യാവുന്നതുമാണ്. അതിനുശേഷം കോടതി അങ്ങനെയുള്ള കാരണങ്ങളുടെ സത്യാവസ്ഥയെക്കുറിച്ച് ആലോചിക്കേണ്ടതും, ആ ഇടപാട് ഒരു കടമാണോ, അല്ലെങ്കിൽ ആ ഇടപാടിൽ പറഞ്ഞിട്ടുള്ള സംഖ്യ യഥാർത്ഥ സംഖ്യയാണോ എന്ന് അന്വേഷിച്ചറിയേണ്ടതും ഈ ആക്ററിലെ മററു വ്യവസ്ഥകൾക്ക് അനുസൃതമായി, ഒരു കല്പന പാസ്സാക്കേണ്ടതുമാണ്.

(2) ഒരു പണയത്തിൻെറയോ, അനുഭവം എടുക്കാനോ, മററുവിധത്തിലോ ഉള്ള അവകാശത്തിൻെറയോ രൂപത്തിലുള്ള ഏതെങ്കിലും ഇടപാടിൻെറ സംഗതിയിൽ ആ ഇടപാട് വാസ്തവത്തിൽ ഒരു കടമാണെന്നും വസ്തുവിൽ നിന്നുള്ള വിളവായോ, പണമായോ, ഒരു ആദായം ഇടപാടിലെ മററു കക്ഷിക്ക് ലഭിച്ചിട്ടുണ്ടെന്നും കോടതിക്ക് ബോധ്യപ്പെടത്തക്കവണ്ണം, കർഷകൻ തെളിയിക്കുന്നപക്ഷം, (1)-ാം ഉപവകുപ്പുപ്രകാരം ബോധിപ്പിക്കുന്ന അപേക്ഷയിന്മേൽ, കോടതി അങ്ങനെയുള്ള ആദായത്തെ കടംവീട്ടലായി കണക്കാക്കേണ്ടതും, അധമർണ്ണൻ ഉത്തമർണ്ണനു കൊടുക്കേണ്ട പലിശയിലേയ്ക്കും മുതലിലേയ്ക്കും അതു വകവെയ്ക്കേണ്ടതുമാണ്.

വിശദീകരണം.— ഈ വകുപ്പിൻെറ ആവശ്യത്തിന്നായി, കർഷകനായ അധമർണ്ണന് ആദ്യം കൊടുത്ത സംഖ്യ മുതലായി കരുതേണ്ടതും പ്രതിവർഷം അഞ്ചുശതമാനം പലിശനിരക്കായി കരുതേണ്ടതുമാണ്.

10. അധമർണ്ണനെതിരായുള്ള വ്യവഹാരങ്ങൾ.— (1) ഈ ആക്ററ് നടപ്പിൽ വരുന്നതിനുമുമ്പ്, കടംസംബന്ധിച്ചു പാസ്സാക്കിയ ഒരു വിധിയുടെ കാര്യത്തിൽ ഒരു അധമർണ്ണൻ, 4-ാംവകുപ്പ് (2)-ാം ഉപവകുപ്പിലോ 5-ാംവകുപ്പ് (2)-ാം ഉപവകുപ്പിലോ, അല്ലെങ്കിൽ 8-ാം വകുപ്പുപ്രകാരം ബോധിപ്പിച്ച അപേക്ഷയിന്മേലുള്ള കല്പനയിലോ പറഞ്ഞ സംഖ്യകളിലേതെങ്കിലും കൊടുപ്പാൻ വീഴ്ച ചെയ്യുന്നപക്ഷം, വിധിയുടമയ്ക്കു കുടിശ്ശികയായ ഗഡുവിൻെറ കാര്യത്തിൽ വിധിനടത്തുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്ററ് നടപ്പിൽ വന്നതിനുശേഷം ബോധിപ്പിക്കുന്ന ഏതൊരു വ്യവഹാരത്തിലും, കോടതി ആ വ്യവഹാരത്തിൽ വിധി കല്പിക്കുമ്പോൾ 4-ാംവകുപ്പ് (2)-ാം ഉപവകുപ്പിലെയോ, 5-ാംവകുപ്പ് (2)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾപ്രകാരം കൊടുക്കേണ്ടതായിത്തീരുമായിരുന്ന ഗഡുവോ, ഗഡുക്കളോ ഉടനെയും ബാക്കി അതിൽ പറയുംപ്രകാരം, പിന്നീടുള്ള ഗഡുക്കളായും കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യേണ്ടതാണ്.

(3) കടം വസൂലാക്കുന്നതിനുള്ളതും, ഈ ആക്ററ് നടപ്പിൽ വരുന്ന സമയത്തു തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും വ്യവഹാരത്തിൽ അധമർണ്ണൻ ഒരു കർഷകനാണെന്ന് തെളിച്ചു ചെയ്യുന്നപക്ഷം, 4-ാംവകുപ്പ് (2)-ാം ഉപവകുപ്പിലെയോ, 5-ാംവകുപ്പ് (2)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾപ്രകാരം കൊടുക്കേണ്ടതായിത്തീരുമായിരുന്ന ഗഡുവോ, ഗഡുക്കളോ ഉടനെയും ബാക്കി അതിൽ പറയുംപ്രകാരം പിന്നീടുള്ള ഗഡുക്കളായും കൊടുക്കുന്നതിന് കോടതി ഒരു വിധി പാസ്സാക്കേണ്ടതാകുന്നു.

(4) ഒരു കടം വസൂലാക്കുന്നതിനുള്ള ഏതെങ്കിലും വ്യവഹാരത്തിലോ, അതിനു വിധി നടത്തുന്നതിനുള്ള ഏതെങ്കിലും അപേക്ഷയിലോ കർഷകൻ കർഷകനല്ലാത്ത ഒരാളുമായി കൂട്ടായോ, അഥവാ കൂട്ടായും വെവ്വേറെയായുമോ കടം വീട്ടേണ്ടുന്ന പക്ഷം, 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിലോ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിലോ വ്യവസ്ഥചെയ്തിരിക്കുംപ്രകാരം കർഷകൻ കൊടുക്കേണ്ടതായി കാണപ്പെടുന്ന കടം വീട്ടുന്നതിന് കർഷകനെതിരായി കോടതി വിധി പാസ്സാക്കുകയോ, കല്പന പുറപ്പെടുവിക്കുകയോ ചെയ്യേണ്ടതും കേസ്സിന്റെ പരിതഃസ്ഥിതികൾക്ക് ആവശ്യമുള്ള വിധം കർഷകനല്ലാത്ത ആൾക്കെതിരായി വിധിയിലോ, കല്പനയിലോ വ്യവസ്ഥചെയ്യേണ്ടതുമാകുന്നു.

11. <u>കർഷകൻ കൊടുക്കുന്ന അനുഭവപണയങ്ങളുടെ കാര്യത്തിലുള്ള പ്രത്യേക വ്യവസ്ഥ</u>.—(1) 1957 ജനുവരി 1-ാം തീയതിക്കുമുമ്പ് ഏതെങ്കിലും സമയത്ത് ഒരു കർഷകൻ പണയം എഴുതിക്കൊടുത്തിരിക്കുകയും അതു ഹേതുവായി—

(എ) പണയക്കാരനു കൊടുക്കേണ്ടതായി യാതൊരു പലിശനിരക്കും നിശ്ചയിച്ചിട്ടില്ലാത്ത പക്ഷമോ; അല്ലെങ്കിൽ

(ബി) സ്വത്തിൽനിന്നുള്ള അനുഭവത്തിനു പുറമേ, പണയം മൂലം ഉറപ്പു നൽകപ്പെട്ട മുതൽ സംഖ്യയുടെയോ, അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ കാര്യത്തിലോ, അല്ലെങ്കിൽ പണയക്കാരനു പണയദായകൻ തന്റെ ആ നിലയിൽ കൊടുക്കേണ്ട മററതെങ്കിലും സംഖ്യയുടെ കാര്യത്തിലോ പണയക്കാരനു കൊടുക്കേണ്ടതായി ഒരു പലിശനിരക്ക നിശ്ചയിച്ചിട്ടുള്ള പക്ഷമോ, പണയക്കാരൻ തനിക്കു പണയംവച്ച സ്വത്തോ അതിന്റെ ഏതെങ്കിലും ഭാഗമോ കൈവശംവച്ചിരിക്കുകയും ചെയ്യുന്നതായാൽ അങ്ങനെയുള്ള എല്ലാ പണയങ്ങൾക്കും ഈ വകുപ്പ് സംബന്ധിക്കുന്നതാണ്.

<u>വിശദീകരണം</u>.—ഒരു പണയക്കാരൻ തനിക്കു പണയംവച്ച സ്വത്തോ, അതിന്റെ ഏതെങ്കിലും ഭാഗമോ, ആയതു അയാൾ പണയദായകനോ, മററതെങ്കിലും ആൾക്കോ പാട്ടത്തിനു കൊടുത്തിരുന്നാൽകൂടി കൈവശം വച്ചിരിക്കുന്നതായി കരുതേണ്ടതാണ്..

(2) പണയം വീണ്ടെടുക്കുന്നതിനായി പണയാധാരത്തിൽ ഏതെങ്കിലും സമയം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ സമയം എത്തിയിട്ടില്ലെങ്കിൽകൂടി, പണയദായകന് പണയം വയ്ക്കപ്പെട്ട സ്വത്തു മുഴുവനും വീണ്ടെടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) പണയക്കാരൻ തനിക്കു പണയം വയ്ക്കപ്പെട്ട സ്വത്തു മുഴുവനും, ആകെ മുപ്പതു വർഷത്തിൽ കുറവായ കാലത്തേക്കു കൈവശം വച്ചിട്ടുണ്ടെങ്കിൽ പണയദായകൻ പണയക്കാരന്,—

(i) പണയംമൂലം ഉറപ്പുനൽകപ്പെട്ട മുതൽ സംഖ്യയും, പണയക്കാരൻ കൈവശം വച്ചിരുന്ന കാലവും 30 വർഷവും തമ്മിലുള്ള അന്തരം അനുപാതം മുതൽ സംഖ്യയെ സംബന്ധിച്ചിടത്തോളം ഏതു സംഖ്യയുണ്ടോ, ആ സംഖ്യയും തമ്മിലുള്ള വ്യത്യാസവും;

(ii) പണയംമൂലം ഉറപ്പുനൽകപ്പെട്ട മുതൽ സംഖ്യയിന്മേലോ, അതിന്റെ ഏതെങ്കിലും ഭാഗത്തിന്മേലോ സ്വത്തിൽനിന്നുള്ള അനുഭവത്തിനു പുറമേ വല്ല പലിശയും നിശ്ചയിച്ചിട്ടുള്ള പക്ഷം, 4-ാം വകുപ്പോ, 5-ാം വകുപ്പോ, പ്രകാരം, കുറച്ചപ്രകാരമുള്ള പലിശയുടെ കുടിശ്ശികകളും;

(iii) പണയദായകൻ തന്റെ അങ്ങനെയുള്ള നിലയിൽ, പണയക്കാരനു കൊടുക്കേണ്ട മറെറല്ലാം സംഖ്യകളും, അവയിന്മേൽ വല്ല പലിശയും കൊടുക്കേണ്ടതുണ്ടെങ്കിൽ അതും, കൊടുക്കാത്ത പക്ഷം പണയദായകനു പണയം വീണ്ടെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(4) പണയക്കാരൻ തനിക്കു പണയം വയ്ക്കപ്പെട്ട സ്വത്തിന്റെ ഒരു ഭാഗംമാത്രം ആകെ 30 വർഷത്തിൽ കുറവായ കാലത്തേക്ക് കൈവശം വച്ചിട്ടുണ്ടെങ്കിൽ പണയദായകൻ പണയക്കാരന്,—

(i) പണയംമൂലം ഉറപ്പു നൽകപ്പെട്ടതും പണയക്കാരന്റെ കൈവശത്തിലുള്ള സ്വത്തിന്റെ ഭാഗത്തിനു സംബന്ധിക്കാവുന്നതും ആയ മുതൽ സംഖ്യയുടെ ആ ഭാഗത്തിനും, പണയക്കാരൻ സ്വത്തു കൈവശം വച്ചിരുന്ന

കാലവും 30 വർഷവും തമ്മിലുള്ള അതേ അനുപാതം മുതൽ സംഖ്യയുടെ ആ ഭാഗത്തോട് ഏതു സംഖ്യയ്ക്കുണ്ടോ, ആ സംഖ്യയും തമ്മിലുള്ള വ്യത്യാസവും;

(ii) സ്വത്തിൽനിന്നുള്ള അനുഭവത്തിനു പുറമേ, വല്ല പലിശയും നിശ്ചയിച്ചിട്ടുണ്ടെങ്കിൽ (i)-ാം ഖണ്ഡത്തിൽ പറഞ്ഞ മുതൽ സംഖ്യയിന്മേലുള്ള പലിശയുടെ കുടിശ്ശികകളും; അങ്ങനെയുള്ള കുടിശ്ശികകൾ 4-ാം വകുപ്പോ 5-ാം വകുപ്പോ പ്രകാരം കുറച്ചപ്രകാരമുള്ളതായിരിക്കേണ്ടതാണ്.

(iii) 4-ാം വകുപ്പോ, 5-ാം വകുപ്പോ പ്രകാരം കുറച്ച പ്രകാരമുള്ള കടത്തിന്റെ ബാക്കിസംഖ്യയും;

(iv) പണയക്കാരനു പണയദായകൻ തന്റെ ആ നിലയിൽ കൊടുക്കേണ്ട മററ് എല്ലാ സംഖ്യകളും അവയിന്മേൽ വല്ല പലിശയും കൊടുക്കേണ്ടതുണ്ടെങ്കിൽ അതും;

കൊടുക്കാത്തപക്ഷം പണയദായകന് പണയം വീണ്ടെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(5) (എ) പണയക്കാരൻ തനിക്ക് പണയം വയ്ക്കപ്പെട്ട സ്വത്തു മുഴുവനും ആകെ മുപ്പതു വർഷത്തേയ്ക്കോ, അതിൽ കൂടുതൽ കാലത്തേയ്ക്കോ കൈവശം വച്ചിട്ടുണ്ടെങ്കിൽ, അപ്പോൾ 4, 5, 20 എന്നീ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പണയക്കടം—

(i) പണയംമൂലം ഉറപ്പു നൽകപ്പെട്ട മുതൽ സംഖ്യയിന്മേലോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്മേലോ സ്വത്തിൽനിന്നുള്ള അനുഭവത്തിനു പുറമെ യാതൊരു പലിശയും നിശ്ചയിച്ചിട്ടില്ലാത്ത പക്ഷവും;

(ii) അങ്ങനെ പലിശ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, പണയദായകൻ പലിശയുടെ യാതൊരു കുടിശ്ശികയും കൊടുക്കാനില്ലാത്ത പക്ഷവും;

(iii) പണയക്കാരന് പണയദായകൻ തന്റെ ആ നിലയിൽ മററു യാതൊരു സംഖ്യകളോ, അവയിന്മേലുള്ള പലിശയോ കൊടുക്കാനില്ലാത്ത പക്ഷവും;

30 വർഷക്കാലം കഴിയുന്നതോടുകൂടി മുഴുവനുമായി വീട്ടിയതായി കരുതപ്പെടേണ്ടതാണ്.

(ബി) പണയക്കാരൻ തനിക്ക പണയം വയ്ക്കപ്പെട്ട സ്വത്തു മുഴുവനും ആകെ മുപ്പതു വർഷത്തേയ്ക്കോ, അതിൽ കൂടുതൽ കാലത്തേയ്ക്കോ കൈവശം വച്ചിട്ടുണ്ടെങ്കിൽ, അപ്പോൾ (എ) എന്ന ഖണ്ഡം സംബന്ധിക്കാത്ത സംഗതികളിൽ, പണയദായകൻ പണയക്കാരന്—

(i) സ്വത്തിൽ നിന്നുള്ള അനുഭവത്തിനു പുറമെ, നിശ്ചയിച്ചതും 5-ാം വകുപ്പുപ്രകാരം കുറച്ചതുമായ പലിശയുടെ കുടിശ്ശികകളും;

(ii) പണയക്കാരന് പണയദായകൻ തന്റെ ആ നിലയിൽ കൊടുക്കേണ്ടതും (എ) എന്ന ഖണ്ഡം (iii)-ാം ഉപഖണ്ഡത്തിൽ പറഞ്ഞതുമായ മററെല്ലാ സംഖ്യകളും അവയിന്മേൽ കൊടുക്കേണ്ട ഏതെങ്കിലും പലിശയും; കൊടുക്കാത്തപക്ഷം, പണയദായകന് പണയം വീണ്ടെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(6) പണയക്കാരൻ തനിക്ക പണയം വയ്ക്കപ്പെട്ട സ്വത്തിന്റെ ഒരു ഭാഗം മാത്രം മുപ്പതു വർഷത്തേയ്ക്കോ അതിൽ കൂടുതൽ കാലത്തേയ്ക്കോ കൈവശം വച്ചിട്ടുണ്ടെങ്കിൽ, പണയദായകൻ പണയക്കാരന്—

(i) സ്വത്തിൽ നിന്നുള്ള അനുഭവത്തിനു പുറമെ, വല്ല പലിശയും നിശ്ചയിച്ചിട്ടുള്ള പക്ഷം, പണയംമൂലം ഉറപ്പു നൽകപ്പെട്ടതും, പണയക്കാരന്റെ കൈവശത്തിലുള്ള സ്വത്തിന്റെ ഭാഗത്തിന് സംബന്ധിപ്പിക്കാവുന്നതുമായ മുതൽ സംഖ്യയുടെ ആ ഭാഗത്തിന്മേലുള്ള പലിശയുടെ കുടിശ്ശികകളും; അങ്ങനെയുള്ള കുടിശ്ശികകൾ 5-ാം വകുപ്പുപ്രകാരം കുറയ്ക്കേണ്ടതാണ്.

(ii) സ്വത്തിന്റെ അങ്ങനെയുള്ള ഭാഗത്തിന് സംബന്ധിപ്പിക്കാവുന്നതല്ലാത്തതും 5-ാം വകുപ്പുപ്രകാരം കുറച്ച പ്രകാരമുള്ളതുമായ കടത്തിന്റെ ബാക്കി സംഖ്യയും;

(iii) പണയക്കാരന്, പണയദായകൻ തന്റെ ആ നിലയിൽ കൊടുക്കേണ്ട മററ എല്ലാ സംഖ്യകളും അവയിന്മേൽ വല്ല പലിശയും കൊടുക്കേണ്ടതുണ്ടെങ്കിൽ അതും;

കൊടുക്കാത്ത പക്ഷം പണയദായകന് പണയം വീണ്ടെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

(7) പണയംമൂലം ഉറപ്പ് നൽകപ്പെട്ടതും പണയക്കാരന്റെ കൈവശത്തിലുള്ള സ്വത്തിന്റെ ഭാഗത്തിന് സംബന്ധിപ്പിക്കാവുന്നതുമായ മുതൽ സംഖ്യയുടെ ഭാഗം ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന വിധത്തിൽ നിർണ്ണയിക്കേണ്ടതാണ്.

(8) പണയദായകൻ പണയക്കാരന് അയാൾ പണയം വെയ്ക്കപ്പെട്ട സ്വത്തിൽ വല്ല കുഴിക്കൂറ ചമയങ്ങളും ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ, അവയുടെ വിലകൊടുക്കാത്തപക്ഷം, പണയദായകന് (2)-ാം ഉപവകുപ്പുപ്രകാരം പണയം വീണ്ടെടുക്കുന്നതിനോ, അല്ലെങ്കിൽ (5) (എ) എന്ന ഉപവകുപ്പ് ഹേതുവായി പണയം വയ്ക്കപ്പെട്ട സ്വത്ത് കൈവശം വാങ്ങുന്നതിനോ അവകാശമുണ്ടായിരിക്കുന്നതല്ല.

(9) (എ) (i) (5) (എ) ഉപവകുപ്പിൽപ്പെടുന്ന സംഗതികളിലൊഴികെ, പണയം വച്ച സ്വത്തോ അല്ലെങ്കിൽ അതതു സംഗതിപോലെ പണയക്കാരന്റെ കൈവശത്തിലുള്ള അതിന്റെ ഭാഗമോ, പണയക്കാരൻ പണയദായകന് തിരികെ ചാർത്തിക്കൊടുത്തിട്ടുള്ള പക്ഷം, പാട്ടച്ചാർത്ത് പ്രകാരം പണയക്കാരന് കൊടുക്കേണ്ടപാട്ടം (ആ സ്വത്ത് സംബന്ധിച്ച് പണയക്കാരൻ കൊടുത്തതോ, കൊടുക്കേണ്ടതോ, ആയ ഏതെങ്കിലും നികുതിയോ, ടാക്സോ, വരിയോ അപ്രകാരമുള്ള പാട്ടത്തിൽനിന്ന് കിഴിച്ചശേഷം) പണയകടത്തിന്മേലോ, അല്ലെങ്കിൽ മേല്പറഞ്ഞ സ്വത്തിന്റെ ആ ഭാഗത്തിന് സംബന്ധിപ്പിക്കാവുന്ന അതിന്റെ ഭാഗത്തിന്മേലോ ഉള്ള പലിശയായി കരുതേണ്ടതും, അതതു സംഗതിപോലെ 4-ാം വകുപ്പിലെയോ (5)-ാം വകുപ്പിലെയോ വ്യവസ്ഥകൾ, ഒട്ടാകെ കടത്തിന് സംബന്ധിക്കുന്നതുമാണ്.

(ii) (3)-ാം ഉപവകുപ്പിലോ (4)-ാം ഉപവകുപ്പിലോ അടങ്ങിയിട്ടുള്ള യാതൊന്നും, (i)-ാം ഉപഖണ്ഡത്തിൽപ്പെടുന്ന യാതൊരു കടത്തിനും സംബന്ധിക്കുന്നതല്ല.

(ബി) (5) (എ) എന്ന ഉപവകുപ്പിൽപ്പെടുന്ന സംഗതികളിൽ പണയക്കാരൻ പണയദായകന് സ്വത്ത് തിരികെ ചാർത്തിക്കൊടുത്തിട്ടുള്ള പക്ഷം ആ ഉപവകുപ്പിലടങ്ങിയ യാതൊന്നും, ആ ഉപവകുപ്പുഹേതുവായി പണയകടം മുഴുവനും വീട്ടിയതായി കരുതപ്പെടുന്ന തീയതിക്കു മുമ്പ് ഏതെങ്കിലും കാലത്തേയ്ക്ക് പാട്ടച്ചാർത്തുപ്രകാരം പണയക്കാരന് കിട്ടേണ്ട വല്ല പാട്ടവും വസൂലാക്കുന്നതിന് അയാൾക്കുള്ള അവകാശത്തെ, തൽക്കാലം നടപ്പിലുള്ള ഏതെങ്കിലും നിയമപ്രകാരം അങ്ങനെയുള്ള പാട്ടം കാലഹരണപ്പെട്ടിട്ടില്ലെങ്കിൽ ബാധിക്കുന്നതല്ല.

(10) (1)-ം (2)-ം ഉപവകുപ്പുകളൊഴികെ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും യാതൊരു പണയത്തിനും സംബന്ധിക്കുന്നതല്ല.

(എ) 1937 സെപ്റ്റംബർ 30-ാം തീയതിക്കു ശേഷവും 1957 ജനുവരി 1-ാം തീയതിക്കു മുമ്പും, പണയത്തിനു വിധേയമായ സ്വത്ത് വീണ്ടെടുക്കുവാനുള്ള അവകാശം, ഒന്നുകിൽ ആദ്യത്തെ പണയദായകനിൽ നിന്നാകട്ടെ അല്ലെങ്കിൽ ജീവിച്ചിരിപ്പുള്ളവർ തമ്മിലുള്ള ഒരു കൈമാററം മൂലമല്ലാതെ മററുവിധത്തിൽ അപ്രകാരമുള്ള പണയദായകനിൽ നിന്നോ പണയദായകൻ മുഖേനയോ അവകാശം ലഭിക്കുന്ന ഒരാളിൽ നിന്നാകട്ടെ, ജീവിച്ചിരിപ്പുള്ളവർ തമ്മിലുള്ള ഒരു കൈമാററം മൂലമോ കൈമാററം മുഖേനയോ ഒട്ടാകെയോ ഭാഗികമായോ ഒരാൾക്കു പിൻതുടർച്ചാവകാശമായി ലഭിച്ചിട്ടുള്ള പക്ഷം, അപ്പോൾ, അതതു സംഗതിപോലെ, മുഴുവനുമോ അങ്ങനെയുള്ള ഭാഗത്തിനോ;

(ബി) പണയക്കാരനോ, അവകാശത്തിൽ അയാളുടെ ഏതെങ്കിലും പിൻഗാമിയോ സ്വത്തിൽ പണയക്കാരനുള്ള അവകാശം മേല്പറഞ്ഞ തീയതിക്കു മുമ്പ് ഉത്തമവിശ്വാസമായും വിലപ്പെട്ട പ്രതിഫലത്തിനും മുഴുവനമായോ ഭാഗികമായോ കൈമാററം ചെയ്തിട്ടുള്ളപക്ഷം, അപ്പോൾ അതതു സംഗതി പോലെ മുഴുവനുമോ അങ്ങനെയുള്ള ഭാഗത്തിനോ :

എന്നാൽ ഒരു പണയം കൈമാററികിട്ടിയ ആൾക്ക് അങ്ങനെയുള്ള പണയത്തെ സംബന്ധിച്ച്, കൈമാററത്തിനുള്ള പ്രതിഫലവിലയിൽ കവിഞ്ഞു

യാതൊന്നും വസൂലാക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല; എന്നാൽ ഇതിൽ അടങ്ങിയ യാതൊന്നും, സ്വത്തോ അതിന്റെ ഭാഗമോ പണയദായകനു തിരികെപ്പതിച്ചുകൊടുത്തിട്ടുള്ള സംഗതികളിൽ കൈമാററിക്കിട്ടിയ ആൾക്ക് പാട്ടച്ചാർത്തുപ്രകാരം കിട്ടേണ്ടതായ വല്ല പാട്ടവും വസൂലാക്കുന്നതിനു അയാൾക്കുള്ള അവകാശത്തെ, തല്ക്കാലം നടപ്പിലുള്ള ഏതെങ്കിലും നിയമപ്രകാരം അങ്ങനെയുള്ള പാട്ടം കാലഹരണപ്പെട്ടിട്ടില്ലെങ്കിൽ ബാധിക്കുന്നതല്ല.

(സി) പണയത്തിനു വിധേയമായ സ്വത്തിൽ പണയക്കാരനുള്ള അവകാശമോ, അങ്ങനെയുള്ള അവകാശത്തിന്റെ ഏതെങ്കിലും ഭാഗമോ രണ്ടോ അതിലധികമോ ആളുകൾക്കു ചേർന്നിരിക്കുകയോ, പിൻതുടർച്ചാവകാശമായി ലഭിക്കുകയോ ചെയ്തിട്ടുള്ള പക്ഷവും, ആ തീയതിക്കുമുമ്പ്, അങ്ങനെയുള്ള ആളുകളുടെ ഇടയിൽ ഭാഗം നടന്നിട്ടുള്ള പക്ഷവും, അപ്പോൾ അതതു സംഗതിപോലെ അവകാശം മുഴുവനുമോ, അങ്ങനെയുള്ള ഭാഗത്തിനോ സംബന്ധിക്കുന്നതല്ല.

(11) പണയത്തിനു വിധേയമായ സ്വത്തു വീണ്ടെടുക്കുവാനുള്ള അവകാശം രണ്ടോ അതിലധികമോ ആളുകൾക്കു ചേർന്നിരിക്കുകയോ, പിൻതുടർച്ചാവകാശമായി ലഭിക്കുകയോ ചെയ്തിട്ടുള്ള പക്ഷവും, അവരിൽ ഏതെങ്കിലും ഒരാളോ അവരിൽ ഏതെങ്കിലും ഒരാളുടെ കീഴിൽ തേച്ചുചെയ്യുന്ന ഏതെങ്കിലും ആളോ (10)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡത്തിൽ പറഞ്ഞ തീയതിക്കുമുമ്പ് മുഴുവൻ പണയവും വീട്ടിയിട്ടുള്ള പക്ഷവും, ഈ വകുപ്പിലടങ്ങിയ യാതൊന്നും, തല്ക്കാലം നടപ്പിലുള്ള മറെറതെങ്കിലും നിയമപ്രകാരം, പണയം വീട്ടുന്ന ആൾക്ക്, മെല്പറഞ്ഞ മററാളുകൾക്കെതിരായി ഉണ്ടായിരിക്കാവുന്ന അവകാശങ്ങളെയോ നിവൃത്തികളെയോ ബാധിക്കുന്നതല്ല.

12. <u>കോടതിയിൽ കടം ഡിപ്പാസിററ് ചെയ്യൽ.</u>—(1) 4-ാം വകുപ്പിലോ, 5-ാം വകുപ്പിലോ വ്യവസ്ഥചെയ്ത പ്രകാരമുള്ള ഏതെങ്കിലും സംഖ്യ അതതു സംഗതിപോലെ കടം വസൂലാക്കുന്നതിനുള്ള ഒരു വ്യവഹാരം സ്വീകരിക്കുവാൻ അധികാരമുള്ള കോടതിയിലോ, വിധി പാസ്സാക്കിയ കോടതിയിലോ ഒരു കർഷകനു ഡിപ്പാസിററ് ചെയ്യാവുന്നതും, കടം ഭാഗികമായി വീട്ടിയതിനെപ്പററി രേഖപ്പെടുത്തുവാൻ കോടതിയോടു് അപേക്ഷിക്കാവുന്നതുമാണ്.

(2) അപ്രകാരമുള്ള ഏതെങ്കിലും അപേക്ഷ കൊടുക്കുന്ന പക്ഷം ഡിപ്പാസിററ് ചെയ്ത സംഖ്യ ശരിയായ സംഖ്യയാണെങ്കിൽ കടം ഭാഗികമായി വീട്ടിയതിനെപ്പററി രേഖപ്പെടുത്തിക്കൊണ്ടു് കോടതി ഒരു കല്പന പാസ്സാക്കേണ്ടതാകുന്നു.

(3) കോടതി,—

(എ) അപേക്ഷകൻ കർഷകനല്ലാതിരിക്കുകയോ; അല്ലെങ്കിൽ;

(ബി) ബാദ്ധ്യത ഒരു കടമല്ലാതിരിക്കുകയോ; അല്ലെങ്കിൽ;

(സി) ഡിപ്പാസിററ് ചെയ്ത സംഖ്യ മതിയാവാതിരിക്കുകയും പോരാതെയുള്ള സംഖ്യ കോടതി നിശ്ചയിച്ച സമയത്തിനുള്ളിൽ ഡിപ്പാസിററ് ചെയ്യാൻ കോടതി ആവശ്യപ്പെട്ടാൽ അപ്രകാരം പ്രവർത്തിക്കുന്നതിനു വീഴ്ചവരുത്തുകയും ചെയ്യുകയോ; ചെയ്താൽ അപേക്ഷ തള്ളിക്കളയേണ്ടതാണ്.

(4) അപ്രകാരം ഡിപ്പാസിററ് ചെയ്യുന്നതിനു അവകാശമുള്ള ഏതൊരു കർഷകനും വല്ല ഗഡുവും അടയ്ക്കേണ്ടുന്ന തീയതിക്കുമുമ്പായി, (1)-ാം ഉപവകുപ്പുപ്രകാരം അധികാരമുള്ള കോടതിയിൽ അപ്രകാരമുള്ള ഗഡു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഡിപ്പാസിററ് ചെയ്യാനുള്ള സമയം നീട്ടിക്കിട്ടുവാൻ അപേക്ഷ ബോധിപ്പിക്കാവുന്നതും, ഉത്തമർണ്ണനു് നോട്ടീസ്സ് നൽകിയ ശേഷം കോടതിക്കു യുക്തമെന്നു തോന്നുന്ന കാലത്തേയ്ക്ക് അപ്രകാരമുള്ള ഗഡുവോ അതിന്റെ ഭാഗമോ അടയ്ക്കുന്നതിനുള്ള സമയം നീട്ടിക്കൊടുക്കാവുന്നതുമാണ്.

(5) വ്യവഹാരവിചാരണയ്ക്കു വേണ്ടി 1908-ലെ സിവിൽ നടപടി നിയമത്തിൽ കൊടുത്തിട്ടുള്ള നടപടിക്രമം, കഴിയുന്നിടത്തോളം ഈ വകുപ്പുപ്രകാരം ബോധിപ്പിക്കുന്ന അപേക്ഷകൾക്ക് സംബന്ധിക്കുന്നതാണ്.

13. <u>അപ്പീലുകൾ.</u>—10-ാം വകുപ്പുപ്രകാരം ഒരു കോടതി പാസ്സാക്കിയ കല്പനയിന്മേൽ, ആ കല്പന 1908-ലെ സിവിൽ നടപടി നിയമം 47-ാം വകു

പ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു വിധി നടത്തുകയോ, തീർക്കുകയോ, വീട്ടുകയോ ചെയ്യുന്നതിനു സംബന്ധിക്കുന്നതുപോലെ ഒരപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

14. കടം ബാങ്കിൽ ഡിപ്പാസിററു ചെയ്യൽ.—(1) 12-ാംവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാൽ കൂടി, ഒരു കർഷകൻ താൻ അയച്ച നോട്ടീസ്സ് കിട്ടിയ തീയതി മുതല്ക്കു പത്തു ദിവസത്തിനുള്ളിൽ തന്റെ ഉത്തമർണ്ണനോട്, 4-ാംവകുപ്പിലോ, 5-ാംവകുപ്പിലോ വ്യവസ്ഥചെയ്ത പ്രകാരം താൻ കൊടുക്കേണ്ടതായ സംഖ്യ ഉത്തമർണ്ണന്റെ കണക്കിൽ ഏതു ബാങ്കിൽ ഡിപ്പാസിററു ചെയ്യണമെന്നുള്ളതിനെപ്പററി എടുത്തു എഴുത്തുമൂലമുള്ള നോട്ടീസ്സിനാൽ ആവശ്യപ്പെടുന്നതു നിയമാനുസൃതമായിരിക്കുന്നതാണ്.

(2) ഉത്തമർണ്ണൻ മേല്പറഞ്ഞ പ്രകാരം ഒരു ബാങ്കിനെപ്പററി പ്രത്യേകം പറയുന്നതായാൽ കർഷകൻ സംഖ്യ ആ ബാങ്കിൽ ഡിപ്പാസിററു ചെയ്യേണ്ടതും, അതിൽപ്പിന്നെ മേലാൽ കൊടുക്കുവാനുണ്ടാകാവുന്ന ഏതൊരു ഗഡുവുകളും തുടർന്നു ഡിപ്പാസിററു ചെയ്യേണ്ടതുമാകുന്നു.

(3) മേൽപറഞ്ഞപ്രകാരം ഉത്തമർണ്ണൻ ഒരു ബാങ്കിനെപ്പററി പ്രത്യേകം പറയുന്നില്ലെങ്കിൽ കർഷകനു പട്ടികയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും ബാങ്കിൽ ഉത്തമർണ്ണന്റെ കണക്കിൽ സംഖ്യ അടയ്ക്കാവുന്നതും അങ്ങനെ ഡിപ്പാസിററു ചെയ്തതിനെപ്പററി എഴുത്തുമൂലമുള്ള നോട്ടീസ്സിനാൽ ഉത്തമർണ്ണനെ അറിയിക്കാവുന്നതുമാണ്.

(4) ഈ വകുപ്പുപ്രകാരം ചെയ്യുന്ന ഡിപ്പാസിററ്, അങ്ങനെ ഡിപ്പാസിററു ചെയ്യേടത്തോളം കടത്തിന്റെ സാധുവായ വീട്ടലായിരിക്കുന്നതാണ്.

15. അധമർണ്ണന്റെ സ്ഥാവരസ്വത്തു കൈമാററം ചെയ്യുന്നതു സംബന്ധിച്ചുള്ള അനുമാനം.—(1) ഈ ആക്ററിന്റെ ഗുണാനുഭവങ്ങൾക്കു അവകാശപ്പെട്ട ഒരു അധമർണ്ണൻ 1957 ജൂലൈ 1-ാംതീയതിക്കു ശേഷവും തന്റെ കടം പൂർണ്ണമായി വീട്ടുന്നതിനു മുമ്പും നടത്തുന്ന സ്ഥാവരസ്വത്തിന്റെ ഏതൊരു കൈമാററവും, അപ്രകാരമുള്ള കൈമാററം സംബന്ധിച്ച ഏതെങ്കിലും വ്യവഹാരത്തിലോ, മററു നടപടിയിലോ, വിപരീതം തെളിയിക്കുന്നതുവരെ കൈമാററം ചെയ്ത ആളുടെ ഉത്തമർണ്ണന്മാരെ തോല്പിക്കുവാനോ വിളംബപ്പെടുത്തുവാനോ ഉള്ള ഉദ്ദേശത്തോടുകൂടി ചെയ്തതായി കരുതേണ്ടതാകുന്നു.

(2) ഈ ആക്ററിന്റെ ഗുണാനുഭവങ്ങൾക്കു അവകാശപ്പെട്ട ഒരു അധമർണ്ണൻ, വേറൊരാളുമായി യോജിച്ചു തന്റെ ഉത്തമർണ്ണന്മാരെ തോല്പിക്കണമെന്നോ വിളംബപ്പെടുത്തണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി 1957 ജൂലൈ 1-ാംതീയതിക്കു ശേഷം തന്റെ സ്ഥാവരസ്വത്തു കോടതി മുഖേന വില്പുവാൻ അനുവദിച്ചിട്ടുള്ളപക്ഷം അപ്രകാരം തോല്പിക്കുകയോ വിളംബപ്പെടുത്തുകയോ ചെയ്യപ്പെട്ട ഏതെങ്കിലും ഉത്തമർണ്ണന്റെ അഭിലാഷാനുസരണം ആ വില്പന അസാധുവാകുന്നതാകുന്നു.

16. കാലഹരണത്തിനു സമയം ഒഴിവാക്കൽ.—ഒരു കടം വസൂലാക്കുന്നതിനുള്ള വ്യവഹാരത്തിനോ, ഒരു കടത്തെ സംബന്ധിച്ച വിധിനടത്തുന്നതിനുള്ള അപേക്ഷയ്ക്കോ ഉള്ള കാലഹരണാവധി കണക്കാക്കുമ്പോൾ 3-ാം വകുപ്പുപ്രകാരം വ്യവഹാരം ബോധിപ്പിക്കുന്നതിൽനിന്നോ, അപേക്ഷ കൊടുക്കുന്നതിൽനിന്നോ തടയപ്പെട്ട സമയം ഒഴിവാക്കേണ്ടതാകുന്നു.

17. 4-ാം വകുപ്പോ, 5-ാം വകുപ്പോ, 8-ാം വകുപ്പോ, 10-ാം വകുപ്പോ പ്രകാരം പണം അടയ്ക്കുകയോ, ഡിപ്പാസിററു ചെയ്യുകയോ ചെയ്യുന്നതിന്റെ ഫലം.—ഒരു കർഷകൻ തനിച്ചോ, കർഷകേതരനുമായി കൂട്ടായോ അഥവാ കൂട്ടായും വെവ്വേറെയായുമോ ഒരു കടം വീട്ടേണ്ടുന്നപക്ഷവും 4, 5, 8 അല്ലെങ്കിൽ 10-ാം വകുപ്പിൽ വ്യവസ്ഥചെയ്തപ്രകാരം ആ കടത്തിലേയ്ക്കായി കർഷകൻ പണം അടയ്ക്കുകയോ, സംഖ്യ ഡിപ്പാസിററുചെയ്യുകയോ ചെയ്യുന്നപക്ഷവും, കർഷകനും കർഷകേതരനും എതിരായി ഒരു പുതിയ കാലഹരണാവധി, പണം അടയ്ക്കുകയോ, ഡിപ്പാസിററു ചെയ്യുകയോ ചെയ്ത സമയം മുതൽക്കു കണക്കു കൂട്ടേണ്ടതാകുന്നു.

18. സ്ഥാവരസ്വത്തിന്റെ വില്പനകൾ ചില സംഗതികളിൽ ദുർബലപ്പെടുത്തണമെന്ന്.—ഏതെങ്കിലും വിധിനടത്തുമ്പോൾ, ഒരു കർഷകന് അവകാശബന്ധമുണ്ടായിരുന്ന ഏതെങ്കിലും സ്ഥാവരസ്വത്ത് 1957 ജനവരി 1-ാം തിയതിക്കോ അതിനുശേഷമോ വില്ക്കുകയോ അതിന്മേലുള്ള പണയം വീട്ടാനുള്ള അവകാശം ഇല്ലാതാക്കുകയോ ചെയ്തിട്ടുള്ളപക്ഷം, അപ്പോൾ 1908-ലെ ഇൻഡ്യൻ കാലഹരണ ആക്ററിലോ, 1908-ലെ സിവിൽ നടപടി നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, വില്പന സ്ഥിരീകരിക്കപ്പെട്ടിരുന്നാലും, ഈ ആക്ററിന്റെ ഗുണാനുഭവങ്ങൾക്ക് അവകാശപ്പെട്ട ഒരു കർഷകനാണെന്നു തേർച്ചചെയ്യുന്ന ഏതെങ്കിലും വിധികടക്കാരന്, സ്വത്തിന്റെ വില്പനയോ, പണയം വീട്ടാനുള്ള അവകാശം ഇല്ലാതാക്കിയതോ ദുർബ്ബലപ്പെടുത്തുവാൻ ഈ ആക്ററ് നടപ്പിൽ വരുന്നതുമുതൽക്കു 90 ദിവസത്തിനുള്ളിൽ കോടതിയിൽ അപേക്ഷിക്കാവുന്നതും, കോടതിക്ക് അപേക്ഷകൻ ഈ ആക്ററിന്റെ ഗുണാനുഭവങ്ങൾക്ക് അവകാശപ്പെട്ട ഒരു കർഷകനാണെന്നു ബോദ്ധ്യപ്പെടുന്നതായാൽ, ആ വില്പനയോ പണയം വീട്ടാനുള്ള അവകാശം ഇല്ലാതാക്കിയതോ ദുർബ്ബലപ്പെടുവാൻ കോടതി കല്പിക്കേണ്ടതും, അതിനുശേഷം ആ വില്പനയോ പണയം വീട്ടാനുള്ള അവകാശം ഇല്ലാതാക്കിയതോ തീരെ നടന്നിട്ടില്ലാത്തതായി കരുതേണ്ടതുമാകുന്നു;

എന്നാൽ അങ്ങനെയുള്ള യാതൊരു കല്പനയും, വിധിഉടമയ്ക്കും ലേലത്തിൽ വാങ്ങിയ ആൾക്കും അങ്ങനെയുള്ള വില്പനയിലോ പണയം വീട്ടാനുള്ള അവകാശം ഇല്ലാതാക്കിയതിലോ താല്പര്യമുള്ള മററ് ആളുകൾക്കും നോട്ടീസ് നൽകാതെയും, ആ കാര്യത്തെപ്പററി പറയുവാനുള്ളതു പറയുവാൻ ഒരവസരം അവർക്കു നൽകാതെയും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല, വില്ക്കപ്പെട്ട സ്വത്തിൽ വില്പനത്തീയതിക്കുശേഷവും, ആദ്യത്തെ ജപ്തിനിബന്ധനപ്രകാരമുള്ള നോട്ടീസിനുമുമ്പും കുഴിക്കൂർ ചമയങ്ങൾ ഉണ്ടാക്കിയിട്ടുള്ളപക്ഷം, കോടതി നിശ്ചയിക്കുന്നപ്രകാരം അങ്ങനെയുള്ള കുഴിക്കൂർ ചമയങ്ങളുടെ വില, ലേലത്തിൽ വാങ്ങിയ ആൾക്കു കൊടുക്കേണ്ടതിനായി, അധമർണ്ണൻ ഡിപ്പോസിററ ചെയ്യേണ്ടതാകുന്നു.

19. വില്പന ദുർബ്ബലപ്പെടുത്തുന്നതിന്റെ അനന്തരഫലമായുള്ള വ്യവസ്ഥ.—18-ാം വകുപ്പുപ്രകാരം ഒരു വില്പന ദുർബ്ബലപ്പെടുത്തുന്നപക്ഷം, ഒരു ക്രേതാവിനു താൻ ആൾക്കു ക്രയസംഖ്യ കൊടുത്തുവോ ആ ആൾക്കെതിരായി താൻ കൊടുത്ത ഏതെങ്കിലും ക്രയസംഖ്യ തിരിച്ചുകിട്ടുന്നതിനുള്ള ഒരു കല്പനയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

എന്നാൽ അങ്ങനെയുള്ള വില്പനയെ സംബന്ധിച്ച് യാതൊരു പൗണ്ടേജും കൊടുക്കുവാൻ പാടുള്ളതല്ല. എന്നുമാത്രമല്ല, പൗണ്ടേജ് വസൂലാക്കിയിട്ടുള്ളപക്ഷം, കോടതി അതു മടക്കിക്കൊടുക്കുന്നതിനു കല്പിക്കേണ്ടതുമാകുന്നു.

20. പുതിയ കടങ്ങളിന്മേൽ കർഷകർ കൊടുക്കേണ്ടതായ പലിശനിരക്ക്.—1114-ലെ 18-ാം കൊച്ചി കർഷകാശ്വാസ ആക്ററ് 14-ാം വകുപ്പിലോ 1938-ലെ മദിരാശി കർഷകാശ്വാസ ആക്ററ് 13-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കടം വസൂലാക്കുന്നതിനുള്ള ഏതൊരു നടപടിയിലും, കോടതി, ഈ ആക്ററ് നടപ്പിൽ വന്നതിനുശേഷം ഒരു കർഷകനു നേരിട്ട ഏതെങ്കിലും കടത്തിന്മേൽ കൊടുക്കേണ്ടതായ എല്ലാ പലിശയും, പ്രതിവർഷം അഞ്ചു ശതമാനം വരെ പലിശയിന്മേൽ കണക്കാക്കിയ ഒരു സംഖ്യയിൽ കവിയാതിരിക്കത്തക്കവണ്ണം വെട്ടിച്ചുരുക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിനായി, 2-ാം വകുപ്പിലെ "കർഷകൻ" എന്ന നിർവ്വചനം,—

(i) (i), (iv), (v), (vi) എന്നീ ഖണ്ഡങ്ങളിൽ, "1950-51-നു ശേഷവും, ഈ ആക്ററ് നടപ്പിൽ വരുന്നതിനുമുമ്പും ഏതെങ്കിലും മൂന്നു വർഷങ്ങളിൽ" എന്ന വാക്കുകൾക്കു പകരം "ഈ ആക്ററ് നടപ്പിൽ വന്നതിനുശേഷം വ്യവഹാരമോ നടപടിയോ ബോധിപ്പിക്കുന്ന തീയതിക്കു തൊട്ടുമുമ്പുള്ള ഏതെങ്കിലും മൂന്നു വർഷങ്ങളിൽ" എന്ന വാക്കുകൾ ചേർത്തിരുന്നാലെന്നപോലെയും;

(ii) (ii)-ം, (iii)-ം ഖണ്ഡങ്ങളിൽ "1950-51-നു ശേഷവും, ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പും ഏതെങ്കിലും ആറ് അർദ്ധവർഷങ്ങളിൽ" എന്ന വാക്കുകൾക്കു പകരം "ഈ ആക്റ്റ് നടപ്പിൽ വന്നതിനുശേഷം വ്യവഹാരമോ നടപടിയോ ബോധിപ്പിക്കുന്ന തീയതിക്ക് അടുത്തുമുമ്പുള്ള ഏതെങ്കിലും ആറു അർദ്ധവർഷങ്ങളിൽ" എന്ന വാക്കുകൾ ചേർത്തിരുന്നാലെന്നപോലെയും; വായിക്കേണ്ടതാണ്.

21. <u>ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.</u>—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേററുന്നതിന്നായി ഗസററിൽ പരസ്യംമൂലം ഗവണ്മെൻറിന് ചട്ടങ്ങളുണ്ടാക്കാവുന്നതും, അതിനുശേഷം അവ, ഈ ആക്റ്റിൽ നിയമമാക്കിയിരുന്നാലെന്നപോലെ സാധുവായിരിക്കുന്നതുമാണ്.

(2) ഈ ആക്റ്റുപ്രകാരം കോടതിയുടെ അധികാരങ്ങൾ, 2 (ബി) എന്ന വകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥനോ നടത്തുന്നതിന് അങ്ങനെയുള്ള ചട്ടങ്ങൾമൂലം വ്യവസ്ഥചെയ്യാവുന്നതാണ്.

22. <u>റദ്ദാക്കൽ.</u>—1956-ലെ തിരുവിതാംകൂർ-കൊച്ചി കർഷക ഋണാശ്വാസ ആക്റ്റും മലബാറിൽ നടപ്പിലുള്ള 1955-ലെ മദിരാശി ഋണബാധിത കർഷക (കടം തിരിച്ചടയ്ക്കൽ) ആക്റ്റും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

സംസ്ഥാനത്തെ ഋണബാധിതരായ കർഷകർക്ക് ആശ്വാസം നൽകുന്നതിനെ സംബന്ധിച്ച നിയമം 1956-ലെ തിരുവിതാംകൂർ-കൊച്ചി കർഷക ഋണാശ്വാസ ആക്റ്റിലും, 1955-ലെ മദിരാശി ഋണബാധിത (കടം തിരിച്ചടയ്ക്കൽ) ആക്റ്റിലും അടങ്ങിയിരിക്കുന്നു. ആ രണ്ട് ആക്റ്റുകളുംമൂലം വ്യവസ്ഥചെയ്തതിലും കൂടുതൽ ഗുണാനുഭവങ്ങൾ നൽകിക്കൊണ്ട് സംസ്ഥാനമൊട്ടാകെ സംബന്ധിക്കുന്ന വിധത്തിലുള്ള ഒരു ഏകീകൃതനിയമം ഈ ആക്റ്റുകൾക്കു പകരം കൊണ്ടുവരണമെന്നു കരുതുന്നു. ഈ ബിൽ ഈ ആവശ്യത്തിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. കടങ്ങൾ സുകരമാംവിധമുള്ള ഗഡുക്കളായി തിരിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾക്കു പുറമെ, 1949-ലെ ബാങ്കിംഗ് കമ്പനി ആക്റ്റിൽ (5-ാം ഖണ്ഡം) നിർവ്വചിക്കപ്പെട്ടപ്രകാരമുള്ള ബാങ്കിംഗ് കമ്പനികൾക്കു കൊടുക്കേണ്ടവയല്ലാതെ, 1940 ജനുവരി 1-ാം തീയതിക്കുമുമ്പു നേരിട്ട കടങ്ങൾ വെട്ടിച്ചുരുക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ഒരു കർഷകന് അവകാശബന്ധമുണ്ടായിരുന്നതും, വല്ല വിധിയും നടത്തുമ്പോൾ 1957 ജനുവരി 1-ാം തീയതിക്കുശേഷം വില്ക്കുകയോ, പണയം വീട്ടാനുള്ള അവകാശം ഇല്ലാതാക്കുകയോ ചെയ്യപ്പെട്ടിട്ടുള്ളതുമായ വല്ല സ്ഥാവരസ്വത്തിന്റെയും വില്പനയോ പണയം വീട്ടാനുള്ള അവകാശം ഇല്ലാതാക്കിയതോ ഈ ബില്ലിന്റെ (18-ാം ഖണ്ഡം) ഗുണാനുഭവങ്ങൾക്കു അവകാശമുള്ള കർഷകന്റെ അപേക്ഷയിന്മേൽ ദുർബ്ബലപ്പെടുത്തുവാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. കർഷകർ കൊടുത്ത അനുഭവപ്പണയങ്ങൾ സംബന്ധിച്ചും 1938-ലെ മദിരാശി കർഷകാശ്വാസ ആക്റ്റ് (11-ാം ഖണ്ഡം നോക്കുക) 9 (എ) എന്ന വകുപ്പിന്റെ രീതിയിൽ ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

വി. ആർ. കൃഷ്ണയ്യർ.

(A true translation.)

(Sd.)

For *Head Translator to Government*.

Kerala Gazette No. 49 dated 3rd December 1957.

PART II.

1957-ലെ 41-ാംനമ്പർ എൽ. എ. ബിൽ.

പരസ്യം

നമ്പർ എൽ. എ. 4—1528/57.

1957 നവംബർ 22.

അസംബ്ലിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടറിയേററ്,
തിരുവനന്തപുരം.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി,
ലെജിസ്ലേററീവ് അസംബ്ലി.

1957-ലെ മദിരാശി കെട്ടിട (പാട്ടം—വാടക നിയന്ത്രണ) ഭേദഗതി ബിൽ.

1949-ലെ മദിരാശി കെട്ടിട (പാട്ടം—വാടകനിയന്ത്രണ) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.—1949-ലെ മദിരാശി കെട്ടിട (പാട്ടം—വാടക നിയന്ത്രണ) ആക്ട് (1949-ലെ 25-ാം മദിരാശി ആക്ട്) ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാംസംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു.

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്ടിനു 1957-ലെ മദിരാശി കെട്ടിട (പാട്ടം-വാടക നിയന്ത്രണ) ഭേദഗതി ആക്ട് എന്നു പേർ പറയാം.

(2) ഇതു ഉടനെ നടപ്പിൽ വരുന്നതാണ്.

2. 1-ാംവകുപ്പിന്റെ ഭേദഗതി.—1956-ലെ സംസ്ഥാനപുനസ്സംഘടനാ ആക്ട് (1956-ലെ 37-ാംസെൻട്രൽ ആക്ട്) 5-ാംവകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയിൽ നടപ്പിലുള്ള 1949-ലെ മദിരാശി കെട്ടിട (പാട്ടം—വാടകനിയന്ത്രണ) ആക്ട് (1949-ലെ 25-ാം മദിരാശി ആക്ട്) 1-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "1957 സെപ്റ്റംബർ 30-ാംതീയതി" എന്നതിനു പകരം "1958 മാർച്ച് 31-ാംതീയതി" എന്നു ചേർക്കണം.

3. റദ്ദാക്കൽ.—1957-ലെ മദിരാശി കെട്ടിട (പാട്ടം-വാടക നിയന്ത്രണ) ഭേദഗതി ഓർഡിനൻസ് (1957-ലെ 3-ാംനമ്പർ ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

